"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കഞ്ഞഴ ഗ്രാമപഞ്ചായത്ത് - 2007-2008 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-2 - വാർഷിക ഏകകാല നടപടിയിലൂടെ തയ്യാറാക്കിയതിന് ചെലവഴിച്ച അധിക തുക - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 882/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 01/04/2013

പരാമർശം:- 1) 03/12/2012-ലെ പഞ്ചായത്ത് ഡയറക്ടറുടെ എം3-34371/12-ാം നമ്പർ കത്ത്.

2) 13/02/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ LF-25975/P.T.1/12-ാം നമ്പർ കത്ത്.

## ഉത്തരവ്

കഞ്ഞഴ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2 പ്രകാരം 1997-98 മുതൽ 2005-06 വരെയുള്ള കാലയളവിലെ വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിന് 40,560/- രൂപ ചെലവഴിച്ചത് സർക്കാർ ഉത്തരവിന് വിരുദ്ധമായതിനാൽ അധികം ചെലവഴിച്ച 20,560/- രൂപ തടസ്സപ്പെടുത്തിയിരുന്നു.

1992-93 മുതൽ 2005-06 വരെയുള്ള 12 വർഷത്തെ ധനകാര്യ പത്രികകളും തയ്യാറാക്കുന്നതിലേക്കാണ് 40,560/- രൂപ ചെലവഴിച്ചതെന്നും ഏകകാല നടപടിയിലൂടെ കുടിശ്ശികയുള്ള മുഴുവൻ വർഷങ്ങളിലേയും വാർഷിക ധനകാര്യ പത്രികകളും റെക്കോർഡുകളും മറ്റും സമയബന്ധിതമായും അടിയന്തിരമായും ചെയ്തു തീർക്കേണ്ടി വന്നതിനാലാണ് 20,560/- രൂപ അധികം ചെലവഴിക്കേണ്ടി വന്നതെന്നും ആയതിനാൽ ടി നടപടിക്ക് സാധൂകരണം നൽകണമെന്ന കഞ്ഞഴ ഗ്രാമപഞ്ചായത്തിന്റെ 22/01/2008-ലെ III (a)-ാം നമ്പർ തീരുമാനം ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ അംഗീകാരത്തോടെ പഞ്ചായത്ത് ഡയറക്ടർ പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ചുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരാമർശം രണ്ടിലെ റിപ്പോർട്ടിൽ 1992-93 മുതൽ 1998-99 വരെയുള്ള രേഖകളും റിക്കാർഡുകളും വിജിലൻസ് കോടതിയിൽ നിന്നും 2008-ലാണ് ലഭിച്ചതെന്ന് മോണിറ്ററിംഗ് സമിതി വ്യക്തമാക്കിയിട്ടുള്ളതിനാലും 1992-93 മുതൽ 2005-06

വരെ വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിലെ അധിക ജോലിഭാരം കണക്കിലെടുത്തും ടി തുക ചെലവഴിച്ചതിന് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടിശ്ശികയുള്ള വർഷങ്ങളിലെ മുഴുവൻ ധനകാര്യ പത്രികകൾ തയ്യാറാക്കിയ സ്ഥിതിയ്ക്ക് കണ്ടഴ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം തടസ്സപ്പെടുത്തിയ വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിന് അധികം ചെലവഴിച്ച 20,560/- രൂപ (ഇരുപതിനായിരത്തി അഞ്ഞൂറ്റി അറുപത് രൂപ മാത്രം) സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കണ്ടഴ ഗ്രാമപഞ്ചായത്ത്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ